ലുള്ള ബുദ്ധിജീവികരംപോലും ഹിന്ദു വോട്ട ബാങ്കുകരം ഉണ്ടാക്കണമെന്നു പറയുന്നതിലെ യുക്തി—അതു തികച്ചും ഏകപക്ഷീയമാവാം— ഇതാകുന്നു.

'ഇന്ത്യയിൽ ജാതി—മത—വർഗവിരോധങ്ങരം ദിനംപ്രതി ശക്തി പ്രാപിക്കുകയാണെന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തു മതതത്ത്വങ്ങരം പ്രചരിപ്പിക്കുന്നതിൽനിന്ന് (പ്രോപ്പഗൈററ്) വ്യത്യസ്തമാണ് മതം മാററൽ (പ്രോസലൈററ്) എന്നു തീരുമാനിക്കേണ്ട സമയമായില്ലേ എന്ന് നാം ആലോചിക്കേണ്ടതല്ലേ? സ്വന്തം മതതത്ത്വങ്ങരം പ്രചരിപ്പിക്കുക ഓരോ ഇന്ത്യൻ പൗരൻെറയും ജന്മാവകാശം ആയിരിക്കണം; അതേ സമയം മററുള്ളവരെ മതം മാററുക ശിക്ഷാർഹമായ ഒരു കററം ആയിരിക്കേണ്ടതല്ലേ? താൻ വിശ്വസിക്കുന്ന മതം ആചരിക്കാനും അനുഷ്ഠിക്കാനും അതിനെപ്പററി പറയാനും എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ടാവണം. പക്ഷേ, പല തരത്തിലുള്ള പ്രലോഭനങ്ങളിൽ കുടുക്കി സമൂഹങ്ങളെ കൂട്ടത്തോടെ മതപരിവർത്തനം നടത്തുന്നതിനു ചെയ്യുന്ന സംഘടിതപരിശ്രമങ്ങരം ഏതു പരിഷ്കൃതസമൂഹത്തിനും അനിഷ്ടകരമായിരിക്കാനേ തരമുള്ളൂ.'

# 19. രാമശിലകൾ

'ലോകത്തിലെ ഏററവും വലിയ തീർത്ഥാടനം' എന്നു വിവരിക്കപ്പെട്ടിട്ടുള്ള പ്രയാഗിലെ (അലഹാബാദിലെ) കുംഭമേള, ഇതെഴുതുമ്പോരം ഗംഗയുടെയും യമുനയുടെയും അന്തസ്സലിലയായ സരസ്വതിയുടെയും സംഗമസ്ഥലത്തു നടന്നുകൊണ്ടിരിക്കുകയാണ്. ജനവരി—ഫെബ്രുവരിമാസങ്ങളിലായി നാല്പത്തഞ്ചു ദിവസം നീണ്ടുനില്ക്കുന്ന ഈ തീർത്ഥാടനത്തിലെ മുഖ്യമായ ചടങ്ങ് ഗംഗാസ്നാനമാകുന്നു. ഫെബ്രുവരി 6—ാം തീയതി വ്യാഴം മേടം രാശിയിലും സൂര്യചന്ദ്രന്മാർ മകരം രാശിയിലും പ്രവേശിച്ച 'മൗനി അമാവാസ്യ' നാരം ഒന്നരക്കോടി ഭക്തജനങ്ങളാണത്രെ സംഗമത്തിൽ സ്നാനംചെയ്തത്.

പ്രയാഗിൽ ഗംഗാ—യമുനാസംഗമത്തിലും ഹരിദ്വാറിൽ ഗംഗാതീരത്തും ഉജ്ജയിനിയിൽ ശിപ്രാനദീതീരത്തും നാസിക്കിൽ നർമദാതീരത്തുമായി മൂന്നു വർഷം ഇടവിട്ട് കുംഭമേള നടക്കാൻ തുടങ്ങിയിട്ട് എത്രയോ ശതാബ്ദങ്ങളായി. നാലു സ്ഥലങ്ങളിൽ ക്രമത്തിൽ സംഘടിപ്പിക്കപ്പെടുന്നതിനാൽ ഓരോ സ്ഥലത്തും പന്ത്രണ്ടു വർഷങ്ങളിലൊരിക്കലേ ഈ ഉത്സവം നടക്കുന്നുള്ളു. പതിമൂന്നു ശതവർഷങ്ങരം മുമ്പ് ഹർഷചക്രവർത്തിയുടെ കാലത്ത് പ്രയാഗിൽ നടന്ന കുംഭമേളയുടെ വിശദമായ വിവരണം യുവാൻ ചാങ് എന്ന ചൈനീസ് ബൗദ്ധഭിക്ഷു നൽകിയിട്ടുണ്ട്. ക്രിസ്തുവർഷം 1554—ൽ കുംഭമേള നടക്കുമ്പോരം അക്ബർ ചക്രവർത്തി പ്രയാഗിൽ സന്നിഹിതനായിരുന്നു.

കുംഭമേളയുടെ ചടങ്ങുകരം ഇന്നു കാണുന്ന രൂപത്തിൽ വ്യവസ്ഥപ്പെടുത്തിയതു് ആദിശങ്കരാചാര്യരാണെന്നു വിശ്വസിക്കപ്പെടുന്നു. പല ആചാരങ്ങരം അനുഷ്ഠിക്കുകയും വ്യത്യസ്തങ്ങളായ വിശ്വാസങ്ങരം പുലർത്തുകയുംചെയ്യുന്ന ഹൈന്ദവ സന്ന്യാസി സംഘടനകരംക്കിടയിൽ മൗലികമായ ഐക്യം നിലനിർത്തുന്നതിനായി പന്ത്രണ്ടു വർഷങ്ങളിലൊരിക്കൽ കുംഭമേള നടക്കുന്ന അവസരത്തിൽ ഈ സന്ന്യാസിമാർ പ്രയാഗിൽ സമ്മേളിക്കുകയും തങ്ങരംക്കിടയിലുള്ള സൈദ്ധാന്തികഭിന്നതകരം ചർച്ചകളിലൂടെ പരിഹരിക്കുകയും അടുത്ത പന്ത്രണ്ടു വർഷങ്ങളിൽ അനുഷ്ഠിക്കേണ്ട മതപരമായ കാര്യങ്ങരം തീരുമാനിക്കുകയുംചെയ്യണമെന്ന ശങ്കരാചാര്യരുടെ നിർദേശം ഇന്നോളം പാലിക്കപ്പെട്ടുവന്നിട്ടുണ്ട്. മതകാര്യങ്ങളിലല്ലാതെ ഭരണകാര്യങ്ങളിൽ സന്ന്യാസിമാർ കൈകടത്താത്തതുകൊണ്ടാവാം മുസ്ലിം ഭരണകാലത്തോ ബ്രിട്ടീഷ് ഭരണകാലത്തോ കുംഭമേളയുടെ നടത്തിപ്പിൽ സർക്കാരിൻെറ ഭാഗത്തുനിന്ന് ഒരു ഇടപെടലും ഉണ്ടായിട്ടില്ല.

എന്നാൽ, ഇത്തവണത്തെ കുംഭമേളയിൽ ജനുവരി 31–ാം തീയതി വിശ്വഹിന്ദു പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ചേർന്ന മതമഹാസമ്മേളനത്തിന്റെ ഒരു തീരുമാനം ഭരണകാര്യങ്ങളെ നേരിട്ടു ബാധിക്കുന്നതും ഒരുപക്ഷേ, അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിലെ പ്രധാന പ്രശ്നമായി വളർന്നേക്കാവുന്നതുമാണു്. കാഞ്ചിയിലെ ശങ്കരാചാര്യർ, ഗോരഖ്പൂരിലെ മഹന്ത് അവൈദ്യനാഥ്, ജമ്മുവിലെ സ്വാമി ജഗ്പൂർണദാസ്, നേപ്പാളിലെ സ്വാമി ബ്രഹ്മാനന്ദ്, പട്ന ഹർമന്ദിർ സാഹബ് ഗുരുദ്വാരയിലെ ജത്ഥേദാർ രാംസിംഹ്, അന്താരാഷ്ട്രീയ കൃഷ്ണബോധ സംഘടനയിലെ സ്വാമി ലോക്നാഥ് മുതലായവരടക്കം എത്രയോ ജഗദ്ഗുരുക്കളും മഹാമണ്ഡലേശ്വരന്മാരും മഹന്തുകളും വെറും സ്വാമിമാരും ഈ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. ഉത്തർപ്രദേശിൽ അയോദ്ധ്യയിലെ രാമജന്മഭൂമിയിൽ ഇപ്പോഴുള്ള 'ബാബറി മസ്ജിദ്'' എന്ന ചെറുപള്ളി പൊളിച്ചുകളയുമെന്നും സർക്കാരോ മററു് ആരെങ്കിലുമോ ഉണ്ടാക്കാവുന്ന എല്ലാ തടസ്സങ്ങളും തട്ടിമാററി ആ സ്ഥലത്തു് ഇരുപത്തഞ്ചു കോടി രൂപ ചെലവാക്കി ഒരു ശ്രീരാമക്ഷേത്രം നിർമിക്കുമെന്നും ഇതിന്റെ തറക്കല്ലിടൽ 1989 നവംബർ 9–ാം തീയതി നടത്തുമെന്നും ഈ സമ്മേളനം തീരുമാനിച്ചു.

ഇന്ത്യയിലെ ഓരോ ഗ്രാമത്തിൽനിന്നും കൊണ്ടുവരുന്ന ഇഷ്ടികകൾകൊണ്ടായിരിക്കും ഈ ക്ഷേത്രം നിർമിക്കുക. 'രാമശിലകൾ' എന്ന പേരു നൽകപ്പെട്ടിട്ടുള്ള ഈ ഇഷ്ടികകളെ ഓരോ ഗ്രാമത്തിലും 1989 സെപ്തംബർ 30 മുതൽ ആരാധിക്കാൻ തുടങ്ങും. പിന്നീടു് ഇവയെ ഘോഷയാത്രയായി അയോദ്ധ്യയിലേക്കു കൊണ്ടുപോകും. ഒരു തുടക്കമെന്ന നിലയിൽ അഞ്ചു രാമശിലകൾ ജനുവരി 31–ാം തീയതി പ്രയാഗിൽ ആരാധിക്കപ്പെട്ടു. മത മഹാസമ്മേളനത്തിലെ അദ്ധ്യക്ഷവേദിയിൽ പത്തു രാമശിലകൾ പ്രദർശിപ്പിച്ചിട്ടുമുണ്ടായിരുന്നു.

ക്ഷേത്രനിർമാണത്തിനായി ഓരോ ഹിന്ദുവിൽനിന്നും ഒന്നേകാൽ രൂപ വീതം ആറുകോടി രൂപ പിരിച്ചെടുക്കുവാനും സമ്മേളനം തീരുമാനിച്ചിട്ടുണ്ടു്. സംഭാവന നൽകാൻ മുന്നോട്ടു വന്നവരുടെ തിരക്കു നിയന്ത്രിക്കാൻ സമ്മേളനാധികൃതർ നന്നെ ക്ലേശിച്ചു എന്നാണു പത്രവാർത്ത.

സമ്മേളനത്തിൽ നടന്ന പ്രസംഗങ്ങളിലധികവും മുസ്ലിങ്ങൾക്കെന്നപോലെ കേന്ദ്രസർക്കാരിനും എതിരായിരുന്നു. രാമജന്മഭൂമിയിൽ ഒരു ശ്രീരാമക്ഷേത്രം നിർമിക്കണമെന്ന ഹിന്ദുക്കളുടെ അടിസ്ഥാനാവശ്യം നിരസിച്ചതിനു് മഹന്ത് അവൈദ്യനാഥ് കേന്ദ്രസർക്കാരിനെ കുററപ്പെടുത്തി. മററു മതക്കാർ വിശുദ്ധങ്ങളെന്നു കരുതുന്ന സ്ഥലങ്ങളിൽ പള്ളികൾ പണിയുന്നതു് ഖുർ ആൻ വിലക്കിയിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. 'വഴക്കു് ഒഴിവാക്കാൻ ക്ഷേത്രം മറെറാരു സ്ഥലത്തു പണിയണമെന്നു ഞങ്ങളോടാവശ്യപ്പെടുന്നതു്, രാവണനോടുള്ള യുദ്ധം ഒഴിവാക്കാൻവേണ്ടി സീതയെ കൈവിട്ടു മറെറാരു സ്ത്രീയെ വിവാഹംചെയ്യാൻ ശ്രീരാമനോടു് ആവശ്യപ്പെടുന്നതുപോലെയാണു്'' എന്നും അദ്ദേഹം പ്രസ്താവിച്ചു.

ഭൂരിപക്ഷ സമുദായമായിരുന്നിട്ടും ഇന്ത്യയിൽ ഹിന്ദുക്കൾ അവഗണിക്കപ്പെടുന്നതു് അവർക്കിടയിൽ ഐക്യമില്ലാത്തതുകൊണ്ടാണെന്നു മിക്ക പ്രാസംഗികരും ചൂണ്ടിക്കാണിച്ചു. അയോദ്ധ്യയിലെ രാമജന്മഭൂമിയും മഥുരയിലെ കൃഷ്ണജന്മഭൂമിയും കാശിയിലെ പഴയ വിശ്വനാഥക്ഷേത്രവും മോചിപ്പിക്കുംവരെ അടങ്ങിയിരിക്കുകയില്ലെന്നു പ്രതിജ്ഞചെയ്യാൻ അവർ ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

അയോദ്ധ്യയിലെ രാമജന്മഭൂമിയിൽ ക്ഷേത്രം നിർമിക്കുന്നതു് ഹിന്ദുക്കളുടെ മാത്രമല്ല, ഇന്ത്യയുടെതന്നെ അഭിമാനത്തിന്റെ പ്രശ്നമാണെന്നു് ജമ്മുവിലെ സ്വാമി ജഗ്പൂർണ ദാസ് പറഞ്ഞു. 'ബ്രിട്ടീഷ് ആക്രമണത്തിന്റെ ചിഹ്നങ്ങളെല്ലാം നീക്കിക്കളഞ്ഞ നാം എന്തുകൊണ്ടു് ബാബറുടെ ആക്രമണത്തിന്റെ ചിഹ്നങ്ങളും നീക്കിക്കളയുന്നില്ല?' എന്നു് അദ്ദേഹം ചോദിച്ചു.

'അമ്പലങ്ങളും പള്ളികളും ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേക്കു മാററാം. പക്ഷേ, ഒരാളുടെ ജന്മഭൂമി അങ്ങനെ മാററാൻ ഒക്കുമോ?' എന്നായിരുന്നു നേപ്പാളിൽനിന്നുള്ള സ്വാമി ബ്രഹ്മാനന്ദന്റെ ചോദ്യം.

സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച ഉഡുപ്പിയിലെ സ്വാമി വിശ്വേശ തീർഥ, എല്ലാ മതവിഭാഗങ്ങളുമായി സ്നേഹത്തിൽ വർത്തിക്കാനാണ് ഹിന്ദുക്കൾ ആഗ്രഹിക്കുന്നതെന്നു പറഞ്ഞു. പക്ഷേ, ഹിന്ദുക്കൾ ആക്രമിക്കപ്പെടുമ്പോൾ ഇതെങ്ങനെ സാധിക്കും? സീതയെ വീണ്ടെടുക്കാൻ നടന്ന സേതുനിർമാണത്തോട് രാമശിലകളുടെ ആരാധനയെ അദ്ദേഹം ഉപമിച്ചു. അയോദ്ധ്യയിലെ ശ്രീരാമ ക്ഷേത്രനിർമാണം ഹിന്ദുമതത്തിന്റെ പുനർജന്മമായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഫെബ്രുവരി 4–ാം തീയതിയിലെ 'സ്റ്റേറ്റ്സ്മാൻ' പത്രം റിപ്പോർട്ട് ചെയ്യുന്നു:

'ക്ഷേത്രനിർമാണത്തിനുവേണ്ടി ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളിലും രാമശിലകളെ ആരാധിക്കാനും അവയെ ഘോഷയാത്രയായി അയോദ്ധ്യയിലേക്കു കൊണ്ടുപോകാനുമുള്ള സന്ന്യാസിമാരുടെ ആഹ്വാനത്തിനു് ജനങ്ങൾ നൽകിയ പ്രതികരണം വ്യക്തമായി കാണിക്കുന്നത് വിശ്വഹിന്ദു പരിഷത്ത് ആരംഭിച്ച പ്രസ്ഥാനം, നിയമവിരുദ്ധമെങ്കിൽക്കൂടി തടയാൻ വളരെ പ്രയാസമായിരിക്കുമെന്നാണ്. തങ്ങൾക്ക് അസൗകര്യപ്രദങ്ങളായ നിയമങ്ങളോട് ആപൽക്കരമായ അനാദരമാണ്, ഒന്നുരണ്ടുപേരൊഴികെ മറ്റൊരാളായി പ്രയാഗ് മതസമ്മേളനത്തിലെ പ്രാസംഗികർ പ്രകടിപ്പിച്ചത്. 'വസുധൈവകുടുംബകം' എന്ന ഹൈന്ദവാദർശത്തിനു നിരക്കാത്ത അസഹിഷ്ണുത മുസ്ലിം–ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വികാരങ്ങളോട് അവർ പ്രദർശിപ്പിച്ചു. മതമൗലികവാദത്തിൽ ഹിന്ദു സന്ന്യാസിമാർ തങ്ങളുടെ മുസ്ലിം പ്രതിയോഗികളുമായി ഒരു മത്സരത്തിൽ ഏർപ്പെട്ടതുപോലെ തോന്നി. അവർ പറഞ്ഞ പല കാര്യങ്ങളും അപകീർത്തികരങ്ങളോ ലഹളയ്ക്കു കാരണങ്ങളോ ആകുമെന്നതിനാൽ രേഖപ്പെടുത്താൻ നിവൃത്തിയില്ല.'

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ വിശ്വഹിന്ദുപരിഷത്ത് സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കാൻ സാദ്ധ്യതയുണ്ടെന്ന് പത്രറിപ്പോർട്ട് തുടരുന്നു. ഭാരതീയ ജനതാപാർട്ടിയുടെ തലമുതിർന്ന നേതാക്കളിലൊരാളായ രാജമാതാ വിജയരാജെ സിന്ധ്യ പ്രയാഗ്സമ്മേളനത്തിന്റെ അദ്ധ്യക്ഷവേദിയിൽ ആദ്യന്തം ഇരുന്നിരുന്നു എന്നത് അർത്ഥഗർഭമാണ്.

അയോദ്ധ്യയിൽ രാമജന്മഭൂമിയിലെ ബാബറി മസ്ജിദ് ഇപ്പോൾ ഹിന്ദുക്കളുടെ കൈവശമാണ്. അവർ അതിൽ ആരാധന നടത്തിവരുന്നു. എത്രയോ ഹിന്ദു തീർത്ഥാടകർ ദിവസേന ആ സ്ഥലം സന്ദർശിക്കുകയുംചെയ്യുന്നു. അതിന്റെ ഉടമ ആർക്കെന്ന പ്രശ്നം വർഷങ്ങളായി കോടതിയിലാണ്. ഉയർന്ന തലത്തിലുള്ള ഒരു ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് ഈ പ്രശ്നം വിടണമെന്ന നിർദേശം പല കേന്ദ്രങ്ങളും ഉന്നയിച്ചിട്ടുണ്ട്. ഒരു ട്രൈബ്യൂണലിനെ നിയമിക്കാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതായി ഈയിടെ പത്രവാർത്തകൾ ഉണ്ടായിരുന്നു. ട്രൈബ്യൂണലിന്റെ തീരുമാനം തങ്ങൾക്ക് അനുകൂലമല്ലെങ്കിൽ, ഹിന്ദുക്കളോ മുസ്ലിങ്ങളോ അതു് അംഗീകരിക്കുമോ എന്നു സംശയമാണ്. ഒന്നോ രണ്ടോ ഏക്കർ നിലത്തിന്റെ ഉടമ സംബന്ധിച്ച ഒരു പ്രാദേശിക നിയമപ്രശ്നം വളർന്നുവളർന്ന് അഖിലേന്ത്യാതലത്തിലുള്ള ഒരു രാഷ്ട്രീയ പ്രശ്നമായി തീർന്നിരിക്കുന്നു. ജനങ്ങൾക്കിടയിൽ നടന്ന നിരന്തര പ്രക്ഷോഭങ്ങളുടെ ഫലമായി യുക്തിയുടെ സ്ഥാനം വികാരം കൈയടക്കിയിരിക്കുന്നു. ഇന്ത്യയിൽ മുഴുവനും ഉത്തരേന്ത്യയിൽ പ്രത്യേകിച്ചും ക്രമസമാധാനങ്ങളെ മാത്രമല്ല, രാഷ്ട്രീയ സംഭവവികാസങ്ങളെ ആകെത്തന്നെ രാമജന്മഭൂമി–ബാബറി മസ്ജിദ് തർക്കം എങ്ങനെ ബാധിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല. ഈ പ്രശ്നത്തോട് രാഷ്ട്രീയകക്ഷികൾ കൈക്കൊള്ളുന്ന സമീപനം വരാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ അവരുടെ ഭാഗധേയത്തെ സാരമായി ബാധിച്ചുകൂടായ്കയില്ല.